## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1871** 16.02.2016 ന് മറുപടിയ്ക്ക്

## പുകയില ഉൽപ്പന്നങ്ങളുടെ നിരോധനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം : | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ഉൽപ്പന്നങ്ങളാണ് നിരോധിച്ചിട്ടുള്ളത്; പുകയില ചുട്ടിയുള്ള മുറുക്ക് നിരോധന പട്ടികയിൽ ഉണ്ടോ; എന്നാണ് നിരോധനം നിലവിൽ വന്നത്; | (എ) | ഉണ്ട്. പുകയില അടങ്ങിയ പാൻമസാല, ഗുഡ്ക്ക എന്നിവ നിരോധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉല്പന്നങ്ങൾ വിൽക്കുന്നതും 18 വയസ്സിനു താഴെ പ്രായമുള്ളവർക്ക് പുകയില ഉല്പന്നങ്ങൾ വിൽക്കുന്നതും പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നതും നിരോധിച്ചിട്ടുണ്ട്. പുകയില ചുട്ടിയുള്ള മുറുക്ക് നിരോധന പട്ടികയിൽ ഇല്ല. 22.05.2012 ലാണ് നിരോധനം നിലവിൽ വന്നത്. |
| (ബി) | സിഗരറ്റ് ,ബീഡി എന്നിവയുടെ ഉപഭോഗം ഇക്കൂട്ടത്തിൽ നിരോധിക്കാതിരുന്നത് എന്ത് കൊണ്ട്; | (ബി) | പൊതുസ്ഥലങ്ങളിൽ ഇവയുടെ ഉപയോഗം നിരോധിച്ചിട്ടുണ്ട്. |
| (സി) | ബാറുകളുടെ നിരോധനത്തോടെ മയക്കമരുന്നുകളുടെയും കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെയും പാൻമസാലകളുടെയും ഉപഭോഗം വർദ്ധിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെയും പാൻമസാലകളുടെയും ഉപഭോഗം വർദ്ധിച്ചത് തടയാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) | വിദ്യാർത്ഥികൾക്കിടയിലുള്ള ലഹരി ഉപയോഗം തടയുന്നതിനായി സ്കൂളുകളിൽ 1467 എണ്ണവും കോളേജുകളിൽ 231 എണ്ണവും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളതും, സ്കൂളുകളിലും, കോളേജുകളിലും ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ ഭവിഷത്തിനെക്കുറിച്ചും ആയത് സമൂഹത്തിൽ സൃഷ്ടിക്കുന്ന ദൂഷ്യവശങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നതിനുതകുന്ന ക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിച്ച് |

| | | | |
|---|---|---|---|
| | | | വരുന്നതും, കൂടാതെ വിദ്യാഭ്യാസ, പോലീസ്, എക്സൈസ് വകുപ്പുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ജില്ലാഭരണ കൂടത്തിന്റെ നിർദ്ദേശാനുസരണം എല്ലാ വിദ്യാഭ്യാസ ജില്ലകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നതുമാണ്. സ്കൂൾ പി.റ്റി.എ. സ്റ്റുഡന്റ്സ് പോലീസ് എന്നിവയുമായി സഹകരിച്ച് ലഭിക്കുന്ന വിവരങ്ങൾ ശേഖരിക്കുകയും, കേസുകൾ കണ്ടെത്താൻ സഹായകരമാകുന്ന രീതിയിൽ "ശ്രദ്ധ" എന്ന പേരിൽ പരാതിപ്പെട്ടികൾ സ്കൂളുകളിലും, കോളേജുകളിലും പൊതുസ്ഥലങ്ങളിലും സ്ഥാപിച്ച് വരികയുമാണ്. വിദ്യാർത്ഥികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം നിരീക്ഷിക്കുന്നതിനായി മഫ്ത്തിയിൽ എക്സൈസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. കൂടാതെ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉല്പന്നങ്ങൾ വിൽക്കുന്നതിനെതിരെ COTPA ആക്ട് പ്രകാരം കേസുകൾ എടുക്കുന്നുണ്ട്. 18 വയസ്സിനു താഴെ പ്രായമുള്ളവർക്ക് പുകയില ഉല്പന്നങ്ങൾ വിൽക്കുന്നത് നിരോധിക്കുകയും പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നത് നിരോധിച്ചിട്ടുമുണ്ട്. |
| (ഉ) | വർദ്ധിച്ചു വരുന്ന ലഹരി വസ്തുക്കളുടെ ഉപഭോഗം തടയുന്നതിനും ഇവ അനധികൃത മാർഗ്ഗത്തിലൂടെ അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്നത് തടയുന്നതിനും പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ഇ) | രഹസ്യവിവരം ശേഖരിച്ചും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിയും ലഹരി വസ്തുക്കളുടെ ഉപഭോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അതിർത്തി പ്രദേശങ്ങളിൽ നിരീക്ഷണവും, പട്രോളിംങും ശക്തമാക്കിയും, ചെക്ക്പോസ്റ്റുകളിൽ കർശനമായ വാഹന പരിശോധനകൾ നടത്തിയും അന്യ സംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കളുടെ അനധികൃത കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**